LIBRARY ARCHIVES Kerala Legislative Assembly

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടികൾ

82 (148) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ രംഗം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിച്ചു ?

ഉത്തരം

(എ) അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിക്കാനുള്ള പ്രവണതയ്ക്ക് തടയിടുന്നതിനായി സിവിൽ സപ്ലൈസിലെ ഫീൽഡ് സ്റ്റാഫ് മറ്റു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സ്കാഡ് എന്നിവ പൊതു വിപണിയിൽ നിരന്തരം പരിശോധന നടത്തുകയും വിവിധ നിയന്ത്രണ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. പരിശോധനകളും റെയ്ഡുകളും കൂടുതൽ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും അവശ്യ വസ്തുക്കൾ യഥേഷ്ടം ലഭ്യമാക്കാനുള്ള തടസ്സങ്ങൾ നീക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 40 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതി തുടങ്ങിയിട്ടുണ്ട്. നിലവിൽ 27.2 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം നൽകി വരുന്നു. റേഷൻ കടകളിൽ കൂടി 10% വിലക്കുറവിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. 2 രൂപ നിരക്കിൽ ഭക്ഷ്യ ധാന്യം വിതരണം ചെയ്യുന്ന പദ്ധതിയുടെ ആനുകൂല്യം അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുവെന്നത് ഉറപ്പു വരുത്തുന്നതിനായി പ്രത്യേക സോണൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. പൊതുവിതരണ രംഗത്തെ പരാതികൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും റേഷൻ അദാലത്ത്, ഭക്ഷ്യ ഉപദേശക സമിതി എന്നിവ പ്രവർത്തിച്ചു വരുന്നു. അളവ്/തൂക്കത്തിലെ സുതാര്യതയ്ക്കും കൃത്യത ഉറപ്പുവരുത്തുന്നതിനും ഇലക്ട്രോണിക് ത്രാസ് നിർബന്ധമാക്കിയിട്ടുണ്ട്. പരാതികൾ അറിയിക്കുന്നതിന് സിവിൽ സപ്ലൈസ് ഹെൽപ്പ്ലൈനും പ്രവർത്തിച്ചു വരുന്നു.

(ബി) വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ മാർക്കറ്റിടപെടൽ പദ്ധതി തന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തലത്തിൽ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതനുസരിച്ച്.

(1) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

(2) സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകൾ വഴിയും 12.70 രൂപയ്ക്ക് പുഴുക്കലരിയും പച്ചരിയും വിതരണം ചെയ്ത് വരുന്നു.

(3) നാലു വർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 52 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാകുന്നതിന്റെയും സപ്ലൈകോയിൽ ജനങ്ങൾ കൂടുതലായി വിശ്വാസമർപ്പിക്കുന്നുവെന്നതിന്റെയും വ്യക്തമായ തെളിവാണ്.

(4) ശാസ്ത്രീയമായി സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുക വഴി എല്ലാ വിൽപ്പനശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി. ഗുണനിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

(5) ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുക വഴി പൊതു വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

(6) യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയതു.

(7) ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

(8) എ.ആർ.ഡി. ശബരിസ്റ്റോറുകൾ തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. മേൽപ്പറഞ്ഞ നടപടികൾവഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിപ്പിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

(9) അരിയും പലവ്യജ്ഞനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP-യേക്കാളും ശരാശരി 3-7% വിലക്കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP-ൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

(10) പൊതു വിപണിയിലേതിനെക്കാൾ 20% വരെ വില കുറവിൽ തേയില, കാപ്പി, കറി പൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വില്പന നടത്തി വരുന്നു.

(11) ജില്ലാ കളക്ടർമാർ തെരഞ്ഞെടുക്കുന്ന ഹോട്ടലുകൾക്ക് സപ്ലൈകോ അവശ്യ സാധനങ്ങൾ നൽകുകയും അതുവഴി ഹോട്ടലുകളിലൂടെ വിൽക്കുന്ന ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കാനും നടപടി എടുത്തുവരുന്നു.

(12) ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു. വരുന്ന ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഓണച്ചന്തകൾ/ഫെയറുകൾ ഉണ്ടായിരിക്കും.

(13) ലേബർ ബ്യൂറോ ഓഫ് ഇൻഡ്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചിക പ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

(14) പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിലേക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളിലും പൊതു വിപണി വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തി വരുന്നുണ്ട്.

കൃത്രിമ വിലക്കയറ്റത്തിനു കാരണമാകുന്ന കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് ഒറ്റയ്ക്കും ലീഗൽ മെട്രോളജി, പോലീസ് തുടങ്ങിയ വകുപ്പുകളുമായി ചേർന്നും റെയ്ഡുകൾ നടത്തി വരുന്നുണ്ട്. എല്ലാ ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ എന്നിവയും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. അവശ്യ സാധനങ്ങളുടെ വില, സംഭരണം, എന്നിവ നിയന്ത്രിക്കുന്നതിനായി അവശ്യ സാധന നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വിവിധ നിയന്ത്രണ ഉത്തരവുകൾ പ്രകാരം പൊതു വിപണിയിലും പൊതുവിതരണ കേന്ദ്രത്തിലും ശക്തമായ പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ അരി, നെല്ല്, പയറുവർഗ്ഗങ്ങൾ, പഞ്ചസാര, എഡിബിൾ ഓയിൽ സീഡ്സ് എന്നിവ കൈകാര്യം ചെയ്യുന്ന വ്യാപാരികൾക്ക് ലൈസൻസും സ്റ്റോക്ക് പരിധിയും നിർബന്ധമാക്കിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ചളവറ, അമ്പലപ്പാറ, കൈയിലാട് എന്നീ സ്ഥലങ്ങളിൽ ഓരോ മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly